**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 10** **07-10-2024 - ൽ മറുപടിയ്ക്ക്**

**സി.എം.ഒ. പോർട്ടലിൽ ഓസ്പിൻ കമ്പനിയുടെ സോഫ്റ്റ്‌വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ ഓഫിസിന്റെയോ ഐ. ടി. വകുപ്പിന്റെയോ അനുമതിയോടെയാണോ സി-ഡിറ്റ് എന്ന സ്ഥാപനം സി.എം.ഒ. പോർട്ടലിൽ ഓസ്പിൻ എന്ന കമ്പനിയുടെ സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ തീരുമാനിച്ചത് എന്ന് വ്യക്തമാക്കുമോ; | (എ) | അല്ല.ഇക്കാര്യത്തിൽ സിഡിറ്റിന് സർക്കാർ അനുമതി ആവശ്യമില്ല. |
| (ബി) | സി-ഡിറ്റ് സ്വന്തമായി നിർമ്മിച്ച സോഫ്റ്റ്‌വെയർ മാറ്റി സി. എം. ഒ. യിൽ ഓസ്പിന്റെ സോഫ്റ്റ്‌വെയർ ഉപയോഗിക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ; പ്രസ്തുത മാറ്റം തീരുമാനിച്ച മിനിറ്റ്സ്/ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | സി.എം.ഒ പോർട്ടലിന് വേണ്ടി സി-ഡിറ്റ് ആദ്യം നിർമ്മിച്ച സോഫ്റ്റ് വെയർ പി എച്ച് പി സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ളതായിരുന്നു. ഈ സോഫ്റ്റ് വെയർ ഉപയോഗിച്ച് വന്ന സമയത്ത് ഉപയോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് സാങ്കേതിക വിദ്യ പരിഷ്കരിക്കേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ പിഎച്ച്പിക്ക് പകരം ജാവാ സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന ഡിജിറ്റൽ ഫയൽ ഫ്ലോ മാനേജെന്റ്സിസ്റ്റം സോഫ്റ്റ് വെയർ ഉപയോഗിച്ച് CMO പോർട്ടൽ പരിഷ്കരിക്കുകയാണ് ചെയ്തത്.സി എം ഓ പോർട്ടലിന്റെ രൂപകല്പനയും സാങ്കേതിക വിന്യാസവും നടത്തിയ സി-ഡിറ്റിന്റെ സാങ്കേതിക വിഭാഗം തന്നെയാണ് ഈ മാറ്റം വരുത്തിയത്. ഇതിന് പ്രത്യേകമായി ഉത്തരവ് നിലവിലില്ല. |
| (സി) | മുഖ്യമന്ത്രിയുടെ സി.എം.ഒ. പോർട്ടലുമായി ബന്ധപ്പെട്ട് ഓസ്പിൻ എത്ര തുകയുടെ ഇൻവോയിസ് ഇതുവരെ നൽകിയിട്ടുണ്ടെന്നും എത്ര തുക സി-ഡിറ്റ് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (സി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഓസ്പിൻ എന്ന കമ്പനിയുടെ പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറിലേക്ക് സി.എം.ഒ. ആപ്ലിക്കേഷൻ ബന്ധിപ്പിച്ചതിന്റെ സാമ്പത്തിക ബാധ്യത, ഡേറ്റാ ചോർച്ച, സ്വകാര്യ സോഫ്റ്റ്‌വെയർ സൃഷ്ടിക്കുന്ന മറ്റ് പ്രശ്നങ്ങൾ ഉൾപ്പടെയുള്ള പ്രത്യാഘാതങ്ങൾ ഇതുവരെ പരിശോധിച്ചിട്ടില്ലെങ്കിൽ പരിശോധിക്കാൻ സർക്കാർ നിർദ്ദേശം നൽകുമോ? | (ഡി) | പരിശോധിച്ചിട്ടുണ്ട്.പ്രൊപ്രൈറ്ററി സോഫ്റ്റ് വെയറിലേക്ക് സി.എം.ഒ ആപ്ലിക്കേഷൻ ബന്ധിപ്പിക്കുകയല്ല ചെയ്തത്. ഡിജിറ്റൽ ഫയൽ ഫ്ളോസിസ്റ്റം പൂർണ്ണമായും ലൈസൻസോടെ വാങ്ങി സി.എം ഒ പോർട്ടലിന് വേണ്ടി സ്വന്തമായി ഉപയോഗിക്കുകയാണ് ചെയ്തത്. സിഡിറ്റാണ് ഈ പ്രവർത്തിയുടെ സാമ്പത്തിക ബാധ്യത ഏറ്റെടിത്തിട്ടുള്ളത്. സിഡിറ്റിന് സോഫ്റ്റ് വെയർ നിർമ്മാണത്തിന് വേണ്ടി ചിലവഴിക്കേണ്ടി വന്ന തുക കണക്കാക്കി - സർക്കാരിൽ നിന്നും സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. സിഎംഒ പോർട്ടലിനു വേണ്ടി ഉപയോഗിക്കുന്ന സോഫ്റ്റ് വെയർ പൂർണ്ണമായും സിഡിറ്റിന്റെ നിയന്ത്രണത്തിൽ സർക്കാരിന്റെ ഡേറ്റാ സെന്ററിൽ ആണ് വിന്യസിച്ചിട്ടുള്ളത്.ഡേറ്റാ ചോർച്ചയോ മറ്റു പ്രശ്നങ്ങളോ ഒന്നും ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

**Payments released to M/S. Ospyn Technologies for customisation of DDFS platform and Software Development, Migration of data and Maintenance/Support charges for CMO/CMDRF Portal**

| Name of Item | Period | Amount invoiced by M/s Ospyn (Rs) | Amount paid to M/s Ospyn (Rs) |
|---|---|---|---|
| 1.Customisation charges - Phase 1 | 2018-19 | 2360000 | 2360000 |
| 2. DDFS User License charges | 2019-20 | 9455576 ** | 4720000 |
| 3. Customisation charges - Phase 2 | 2019-20 | 3020800 | 3020800 |
| 4. Developer Support charges from November2019 to January 2020 | 2019-20 | 311520 | 311520 |
| 5. Technical support charges of two resources from April 2019 to June 2020 | 2019-20 | 1982400 | 1982400 |
| 6. Additional Change requests | 2019-20 | 415360 | 415360 |
| 7. Technical Support charges (2 persons from April to June and One from July to December 2020) | 2020-21 | 915600 | 915600 |
| 8. Additional Change requests | 2020-21 | 565928 | 389400 |
| Total | | | 14115080 |

** All amounts include GST*